**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം  കൊച്ചി നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ ശ്രീമതി. ചിഞ്ചു പി വിൽസൺ ബഹു. ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.(ഇ,കെ.എം) 2936/2017 നമ്പർ കേസിൽ 21/11/2017 ലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. **2236**/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 13.08.2018

---

പരാമർശം :
1. 04.02.2016 തീയതിയിലെ സ.ഉ(കൈ) 26/2016/തസ്വഭവ നമ്പർ ഉത്തരവ്.
2. കൊച്ചി നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ ശ്രീമതി. ചിഞ്ചു പി വിൽസൺ സർക്കാരിൽ സമർപ്പിച്ച 11.08.2017 തീയതിയിലെ നിവേദനം(Annexure A1).
3. ശ്രീമതി. ചിഞ്ചു പി വിൽസൺ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇ,കെ.എം) 2936/2017 നമ്പർ കേസിൽ 21/11/2017 ലെ വിധിന്യായം

## <u>ഉത്തരവ്</u>

സൂചന 1 ലെ ഉത്തരവിന്റെയടിസ്ഥാനത്തിൽ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി. ചിഞ്ചു പി വിൽസൺ, തനിക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ/അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ തസ്തികമാറ്റനിയമനം കെ.എസ്&എസ്.എസ്.ആറിലെ ചട്ടം 39 വിനിയോഗിച്ച് ഉത്തരവാകണമെന്നാവശ്യപ്പെട്ടു കൊണ്ട് പരാമർശം 2 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീമതി. ചിഞ്ചു പി വിൽസൺ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.(ഇ,കെ.എം) 2936/2017 നമ്പർ കേസിൽ പരാമർശം 3 ലെ ഉത്തരവിൽ ടിയാളുടെ 11.08.2017 ലെ അനക്ഷർ എ 1 നിവേദനം പരിശോധിച്ച് നേരിൽ കേട്ട് ഉത്തരവു പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീമതി ചിഞ്ചു പി വിൽസണെ 15/02/2018 തീയതിയിൽ നേരിൽ കേട്ടിരുന്നു. നേരിൽക്കേട്ട സമയത്തെ വാദങ്ങൾ പ്രകാരം ശ്രീമതി. ചിഞ്ചു പി. വിൽസൺ ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചപ്പോൾ ടിയാളുടെ യോഗ്യത സിവിൽ എഞ്ചിനീയറിംഗ് ഡിഗ്രി ആയിരുന്നതിനാൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ അല്ലെങ്കിൽ അസി. എഞ്ചിനീയർ (തത്തുല്യമായ ടെക്നിക്കൽ പോസ്റ്റുകൾ) ) ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ

മേല്പടിയാൾ എഞ്ചിനീയറിംഗിൽ പോസ്റ്റ് ഗ്രാഡ്വേഷൻ ഒന്നാം ക്ലാസ്സിൽ പാസ്സായിരിക്കുകയാണ്. ആശ്രിത നിയമനപ്രകാരം സാങ്കേതിക യോഗ്യതയുള്ളവർക്ക് അത്തരം തസ്തികകളിലല്ലെങ്കിൽ ആ വിഭാഗത്തിലെ നിയമത്തിന് അർഹതയുള്ള തസ്തികയായ മൂന്നാം ഗ്രേഡ് ഓവർസിയർ നിയമനം നല്കാമെന്നിരിക്കേ എൽ.ഡി.സി/ബിൽ കളക്ടർ തസ്തികയിൽ നിയമിച്ചാൽ മതി എന്ന രീതിയിൽ അപേക്ഷ എഴുതി വാങ്ങിയാണ് എൽ..ഡി.സി/ബിൽ കളക്ടറായി നിയമിച്ചിരിക്കുന്നതെന്നും സാങ്കേതിക യോഗ്യതയുള്ളതിനാൽ ഓവർസിയർ തസ്തികയിലെങ്കിലും നിയമനം നല്കണമെന്ന് ആവശ്യപ്പെട്ടുകയുണ്ടായി.

3. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി. ചിന്തു.പി.വിൽസൻ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആവശ്യപ്പെട്ടിരുന്ന തസ്തികകൾ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ അല്ലെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ ( തത്തുല്യമായ ടെക്നിക്കൽ പോസ്റ്റുകൾ) എന്നായിരുന്നു. ആയത് പരിശോധിച്ചപ്പോൾ 24.05.1999 ലെ സ.ഉ (പി) നം. 12/1999/പി & എആർഡി ഉത്തരവുപ്രകാരം ടിയാൾ ആവശ്യപ്പെട്ട തസ്തികകൾക്ക് അർഹതയില്ലാത്തതിനാൽ എൽ.ഡി.സി/ബി.സി തസ്തികകളിലേയ്ക്കുള്ള അപേക്ഷ ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് എൽ.ഡി.സി/ബി സി തസ്തികയിൽ നിയമിച്ചതെന്ന് റിപ്പോർട്ട് ചെയ്തു.

4. നേരിൽ കേട്ട സമയത്തെ അപേക്ഷകയുടെ വാദങ്ങളുടെയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ചുമതലയും അധികാരങ്ങളും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകളിലെ അധിക തസ്തികകളും മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിംഗ് തസ്തികകളും ചേർത്താണ് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 13/11/2007 ലെ ജി.ഒ.(എം.എസ്) 253/2007/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ് 01/01/2008 തീയതിയിൽ നിലവിൽ വന്നത്. ശ്രീമതി. ചിന്തു പി വിൽസൺ എന്ന ജീവനക്കാരിയുടെ പിതാവ് വിൽസൺ പി.എൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടറായി ജോലി ചെയ്തു വരവേ 30/03/2013 ലാണ് മരണമടഞ്ഞത്. 24/05/1999 ലെ സ.ഉ(അച്ചടി) 12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം, മുനിസിപ്പൽ കോമൺ സർവ്വീസിലെ ഉദ്യോഗസ്ഥൻ മരണപ്പെട്ടാൽ, ടിയാളുടെ ആശ്രിതന്/ആശ്രിതയ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ മാത്രമേ നിയമനം നൽകാവൂ എന്ന് വ്യവസ്ഥയുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം ആശ്രിതനിയമന പ്രകാരമുള്ള നിയമനങ്ങൾ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിലായി നിജപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി ചിന്തുവിന്റെ അപേക്ഷ നഗരകാര്യ വകുപ്പിൽ പരിശോധിച്ച് മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്ലറിക്കൽ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. നിയമനം ആവശ്യപ്പെട്ടിരിക്കുന്ന തസ്തികയായ ഓവർസീയർ ഗ്രേഡ്-1 തസ്തിക മുനിസിപ്പൽ കോമൺ സർവ്വീസിൽ നിലവിലില്ല. മാത്രമല്ല എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയർ തസ്തികകൾ മറ്റ് വകുപ്പുകളിൽ നിന്നുള്ള ആശ്രിതനിയമനപ്രകാരമുള്ള അപേക്ഷകളിന്മേൽ പരിഗണിക്കുന്നതിനായി നീക്കിവച്ചിട്ടില്ല. ആയതിനാൽ, ഓവർസിയർ/അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് അപേക്ഷിക്കാൻ പോലും അപേക്ഷകക്ക് അർഹതയില്ല എന്ന് കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ 2008 ൽ രൂപീകൃതമായ എഞ്ചിനീയറിംഗ് വിഭാഗത്തിന് കീഴിലുള്ള ഓവർസിയർ/അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമനത്തിനായി, 2013 ൽ, മുനിസിപ്പൽ കോമൺ സർവ്വീസിൽ സേവനത്തിലിരുന്ന ഒരു ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനെ തുടർന്ന് ആശ്രിതനിയമനപ്രകാരം ലഭ്യമായ അപേക്ഷ

നിയമപ്രകാരം പരിഗണിക്കാവുന്നതല്ല. കൂടാതെ ആശ്രിതനിയമനം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിന് അടിയന്തര സഹായം എന്ന നിലയിൽ ജോലി നൽകുകയാണെന്നതിനാൽ ഉയർന്ന യോഗ്യതയ്ക്കനുസരിച്ച തസ്തികയിൽ ജോലി വേണമെന്ന ആവശ്യം പരിഗണിക്കാവുന്നതല്ലായെന്നും കാണുന്നു. അപേക്ഷകയ്ക്ക് ആശ്രിതനിയമനപദ്ധതി പ്രകാരം ജോലി നൽകുകയും 08.06.2017 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്ത സാഹചര്യത്തിൽ കെ.എസ്&എസ്.എസ്.ആറിലെ ചട്ടം 39 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച് ഓവർസീയർ നിയമനം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിക്കുകയും ചെയ്തു.

5. മേൽ സാഹചര്യത്തിൽ 24/05/1999 ലെ ജി.ഒ.(പി) നം.12/99/ഉ.ഭ.പ.വ ഉത്തരവിലെ ഖണ്ഡിക 5, 16 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീമതി ചിഞ്ചു പി വിൽസൺ എന്ന ജീവനക്കാരിയുടെ ആവശ്യം പരിഗണിക്കാനാകാത്തതിനാലും, ടിയാൾക്ക് ആശ്രിതനിയമന പദ്ധതിപ്രകാരം നിയമനം നൽകിയിട്ടുള്ളതും ടിയാൾ 08.06.2017 തീയതിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ നിയമനം പുനപരിശോധിക്കാൻ സാധിക്കില്ല എന്നതിനാൽ ഉയർന്ന യോഗ്യതയ്ക്കനുസരിച്ച തസ്തികയിൽ കെ.എസ്&എസ്.എസ്.ആറിലെ ചട്ടം 39 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച് തസ്തികമാറ്റം അനുവദിക്കണമെന്ന പരാമർശം 2 അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, എറണാകുളം.( ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി ചിഞ്ചു പി വിൽസൺ, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ, കൊച്ചി നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ